# കേരള സർവകലാശാല

നം. പി.ആർ.126/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.വി.എ പ്രവേശനം

മാവേലിക്കര രാജാ രവി വർമ സെന്റർ ഫോർ എക്സലൻസ് ഫോർ വിഷ്വൽ ആർട്സിൽ 2017-18 വർഷത്തേക്കുള്ള മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട് ഹിസ്റ്ററി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ബി.എ ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.ബി.എ (ഗ്രൂപ്പ് 2 (b)) കോഴ്സിന്റെ (2013, 2014 അഡ്മിഷൻ – സപ്ലിമെന്ററി, 2015 അഡ്മിഷൻ – റഗുലർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എസ്സി ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 19, 20 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ അതത് കോളേജുകളിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ (കരിയർ റിലേറ്റഡ്) ബി.എസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി (247), ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248), ബയോടെക്നോളജി (മൾട്ടിമേജർ) (350) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ജൂൺ 22 വരെ അപേക്ഷിക്കാം.

### ബി.പി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ബി.പി.എ മേഴ്സി ചാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ (വോക്കൽ, വീണ, വയലിൻ, ഡാൻസ്) ജൂൺ 12 മുതൽ സ്വാതി തിരുനാൾ സംഗീത കോളേജിൽ ആരംഭിക്കും. വിദ്യാർത്ഥികൾ രാവിലെ 9.30-ന് ഹാൾടിക്കറ്റുമായി ഹാജരാകണം. വിശദമായ ടൈംടേബിൾ കോളേജിൽ ലഭിക്കും.

### ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ ബി.ടെക് (2013 സ്കീം) നാലാം സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സൂക്ഷ്മപരിശോധനയ്ക്കായി ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ

വാല്യുവേഷൻ സെക്ഷനിൽ ജൂൺ 12 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ജൂണിൽ ആരംഭിക്കുന്ന ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് 2008 സ്കീം നാലാം സെമസ്റ്റർ പരീക്ഷയുടേയും റഗുലർ ബി.ടെക് 2008 സ്കീം കോഴ്സ് കോഡിൽ വരുന്ന പാർട്ട് ടൈം റീസ്ട്രക്ചേർഡ് 2008 സ്കീം രണ്ടാം സെമസ്റ്റർ പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
08.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098